"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - സാമൂഹ്യവനവത്ക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത് വിതരണം ചെയ്യുന്ന തൈകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി(ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.158/2023/F&WLD തീയതി,തിരുവനന്തപുരം, 03-04-2023

പരാമർശം:-
1. സ.ഉ(സാധാ) നം. 139/2021/വനം, തീയതി 03.05.2021.
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി)-ന്റെ 28.02.2023 തീയതിയിലെ എസ്.എ2- 800/2022 (1) നമ്പർ കത്ത്.

**ഉത്തരവ്**

വനംവകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം നഴ്സറികളിൽ ഉൽപ്പാദിപ്പിച്ച് വളർത്തിയെടുക്കുന്ന തൈകൾ എല്ലാ വർഷവും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായും മറ്റവസരങ്ങളിൽ സഹായനിരക്കിലും വൃക്ഷവത്ക്കരണത്തിനായി വിതരണം ചെയ്തുവരുന്നു. ഫീൽഡ് തലങ്ങളിൽ നിന്നും ലഭിച്ച തൈഉൽപാദന നിരക്കുപ്രകാരം, ഉൽപാദന ചെലവിൽ മാറ്റം വന്നിരിക്കുന്ന സാഹചര്യത്തിൽ സൂചന (1) പ്രകാരം നിശ്ചയിച്ചിരിക്കുന്ന തൈകളുടെ വിതരണ നിരക്ക് പുന:നിർണ്ണയിച്ചു നൽകണമെന്ന് സൂചന (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പ് സാമൂഹ്യവനവത്ക്കരണ വിഭാഗം നഴ്സറികളിൽ ഉൽപ്പാദിപ്പിച്ച് വളർത്തിയെടുത്ത് വിതരണം ചെയ്യുന്ന തൈകളുടെ വില ചുവടെ ചേർത്തിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇനം | എണ്ണം | വില |
|---|---|---|
| തേക്ക് സ്റ്റമ്പ് | 1 | 15 |
| ചെറിയ കൂടത്തൈ | 1 | 23 |
| വലിയ കൂടത്തൈ | 1 | 55 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) തിരുവനന്തപുരം

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

5. ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ വിഷൻ)

6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Anjaly Devi A G
Date: 03-04-2023 11:03:20
സെക്ഷൻ ഓഫീസർ

പകർപ്പ് : വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്